**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4385** **06-03-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് രണ്ടായിരത്തി അറുനൂറ്റിയെട്ട് കോടി രൂപയുടെ ഭരണാനുമതി ലഭ്യമായത് പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ സഹായകരമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയ്ക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | സഹായകമായിട്ടുണ്ട്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷനും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമി സംസ്ഥാന സർക്കാരിന്റെ വിഹിതമായി പ്രത്യേക ഉദ്ദേശ കമ്പനിക്ക് (Special Purpose Vehicle) കൈമാറുകയും കേന്ദ്രസർക്കാർ തത്തുല്യമായ തുക നിക്ഷേപമായി കൊണ്ടുവരികയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷനും സംസ്ഥാന സർക്കാരും കിൻഫ്രയും ചേർന്ന് കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KICDC) എന്ന പേരിൽ ഒരു Special Purpose Vehicle രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി എൺപത് ശതമാനത്തിലധികം സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട 80% നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ ഭൂമിയും ഏറ്റെടുത്തതിനുശേഷം, പ്രത്യേക ഉദ്ദേശ കമ്പനിയായ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷന് ഭൂമി കൈമാറുകയും പ്രസ്തുത കമ്പനി, വ്യവസായ ഉല്പാദന ക്ലസ്റ്ററുകൾക്ക് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് അലോട്ട് ചെയ്യുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിനുശേഷം മാത്രമേ |

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രധാന റോഡുകളിലൊന്നായ കൊച്ചി ഗിഫ്റ്റ് സിറ്റിക്ക് വേണ്ട ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 2013-ലെ RFCTLARR ആക്ടിലെ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ആവശ്യമായ ഫണ്ട് ലഭ്യമാക്കി, വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ